DESPATCHED
On 13/10/21

8/10/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.604(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5920/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
തീയതി: 2021 ഒക്ടോബർ 8

ശ്രീ. യൂസഫ് മാസ്റ്റർ വി.പി.
S/o കുഞ്ഞിമരക്കാർ ഹാജി,
വലിയപീടികക്കൽ വീട്,
അരക്ക്പറമ്പ് പി.ഒ., മലപ്പുറം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സെക്രട്ടറി,
   താഴെക്കോട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
   താഴെക്കോട് പി.ഒ., മലപ്പുറം 679 624.

2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസ്,
   സിവിൽ സ്റ്റേഷൻ, മലപ്പുറം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/9/2021, 19/11/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/10/2020, 29/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21/12/2020 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 05/05/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 17/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27/07/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/10/2021 - വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ് പി ഐ ഒ | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. യൂസഫ് മാസ്റ്റർ വി.പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, അരക്കുപറമ്പ് സർവ്വെ 422/1, 422/2, 422/3, 422/4, 422/5, 422/6 എന്നീ സർവ്വെ നമ്പറുകളിലുള്ള ഭൂമികൾ തരം മാറ്റുന്നത്

സംബന്ധിച്ച് 11.09.2020ന് നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ തയ്യാറാവാതെ ആവശ്യപ്പെടാത്ത വിവരങ്ങളാണ് നൽകിയതെന്നും നൽകിയ മറുപടിയിൽ അയൽക്കാരുടെ പേരുവിവരവും കെട്ടിട നമ്പറും ലഭ്യമാക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 19.11.2020–ന് ഒരു അപേക്ഷ രജിസ്റ്റേർഡ് പോസ്റ്റിൽ സമർപ്പിച്ചുവെങ്കിലും അതിന് നാളിതുവരെ ഒരു മറുപടിയും നൽകിയിട്ടില്ലാത്തതാണെന്നും ഹർജിക്കാരന്റെ 11.9.2020 തീയതിയിലെ അപേക്ഷ വിവരാവകാശ അപേക്ഷ ആയിരുന്നില്ലെന്നും ആയതിനാൽ 19.11.2020–ന് നൽകിയ അപേക്ഷയ്ക്ക് മറുപടി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.9.2020–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, അരക്കുപറമ്പ് സർവ്വെ 416/3, 422/2, 422/3 എന്നീ ഭൂമികളിൽ മണ്ണിട്ട് നികത്തി കെട്ടിടങ്ങൾ നിർമ്മിച്ചതിന് ഭൂമി തരം മാറ്റാൻ അനുമതി നൽകിയതിന്റെ കോപ്പികൾ, ടി കെട്ടിടത്തിൽ നിന്നും അയൽക്കാരന്റെ അതിരിലേയ്ക്കുള്ള നിയമാനുസൃത അകലം എത്രയാണെന്നും, കെട്ടിടം നിർമ്മിച്ച വർഷം കെട്ടിട നമ്പറും വിസ്തീർണ്ണവും നൽകണമെന്നും, ടി സ്ഥലത്ത് നിന്നും വെള്ളം ഒഴുകി പോകാൻ വേണ്ട സൗകര്യം ഉണ്ടോ എന്നും തരംമാറ്റാൻ അനുമതി വാങ്ങാതെ നിലം ഭൂമികളിൽ കെട്ടിടം നിർമ്മിച്ചാൽ ചുമത്തുന്ന പിഴകളുടെ വിവരങ്ങൾ തുടങ്ങിയവ നൽകണമെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 19.11.2020–ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, 422/2, 422/3 എന്നീ സർവ്വെ നമ്പറുകളുടെ അടുത്ത് കിടക്കുന്ന 420/4, 420/3, 422/5, 422/4, 422/1, 421/3 എന്നീ സർവ്വെ നമ്പറുകളിൽ നിന്ന് നിയമാനുസൃതം അകലം പാലിച്ചല്ല 422/2–ലും 422/3–ലും ഉള്ള കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നും കെട്ടിടങ്ങൾക്കെല്ലാം പഞ്ചായത്തിൽ നിന്നും അനുമതി ലഭിക്കുവാൻ ഇത്തരം നിബന്ധനകളൊന്നും നോക്കാതെയാണോ അനുമതി നൽകുന്നതെന്നും അനുമതി നൽകിയത് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. മേൽപ്പടി അപേക്ഷകൾക്ക് ഒന്നാം എതിർകക്ഷി 5.10.2020, 29/12/2020 തീയതികളിൽ മറുപടി നൽകിയതായി കാണുന്നു.

5. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ 26.11.2020–ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ 11.09.2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന

വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തതയോടെ മനസ്സിലാക്കാൻ സാധിക്കാത്തതാണെന്നും, എന്ത് വിവരങ്ങളാണ് ലഭ്യമാകേണ്ടതെന്ന് കൃത്യമായി രേഖപ്പെടുത്താതെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നതെന്നുമാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയും മറുപടിയും പരിശോധിച്ചതിൽ വിവരാവകാശ നിയമം 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് പൊതുബോധന അധികാരി ലഭ്യമായ മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന് ഏത് കെട്ടിടത്തിന്റെ വിവരങ്ങളാണ് വേണ്ടതെന്ന് വ്യക്തമായി രേഖപ്പെടുത്താതെ സർവ്വെ നമ്പർ മാത്രം രേഖപ്പെടുത്തി വിവരങ്ങൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ പൊതുബോധന അധികാരിക്ക് ആയത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകുവാൻ കഴിയുകയില്ലെന്ന് കാണുന്നു എന്നും എന്നിരുന്നാലും പൊതു ബോധന അധികാരി ഹർജിക്കാരന്റെ ചോദ്യത്തിലെ ആശയം ഉൾക്കൊണ്ടുകൊണ്ട് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമാണെന്നും ആയതിനാൽ പരാമർശിത അപ്പീൽ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് വിലയിരുത്തിയും ഏത് കെട്ടിടത്തിന്റെ വിവരങ്ങളാണ് ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭ്യമാകേണ്ടതെന്ന് കൃത്യമായി രേഖപ്പെടുത്തി ടി കെട്ടിടങ്ങൾ സംബന്ധിച്ച് ഏതെല്ലാം വിവരങ്ങളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമായും വായനായോഗ്യമായും ക്രമനമ്പർ രേഖപ്പെടുത്തിയും വിവരാവകാശ നിയമത്തിനനുസൃതമായി പൊതുബോധന അധികാരിയിൽ നിന്നും വിവരങ്ങൾ തേടാവുന്നതാണെന്ന് അപേക്ഷകനെ ഓർമ്മിപ്പിച്ചു കൊണ്ടും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് നൽകുന്ന കത്തിടപാടുകൾ എസ്.പി.ഐ.ഒ. യുടെ പേരും ഔദ്യോഗിക പദവിയും വിലാസവും ഫോൺ നമ്പറും ഇ-മെയിൽ വിലാസവും അപ്പീൽ നൽകേണ്ട മേൽ വിലാസവും കാലാവധിയും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണന്നും താഴെക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. രണ്ടാം എതിർകക്ഷി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 11.09.2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തതയോടെ മനസ്സിലാക്കാൻ സാധിക്കാത്തതാണെന്നും ചോദ്യങ്ങൾക്ക് എന്ത് വിവരങ്ങളാണ് ലഭ്യമാക്കേണ്ടതെന്ന് കൃത്യമായി രേഖപ്പെടുത്താതെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നതെന്നുമാണ്. ഹർജിക്കാരൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ ഏതാണെന്ന് വ്യക്തമാക്കുന്ന മുറക്ക് മറുപടി നൽകുന്നതാണെന്നാണ് പൊതുബോധന അധികാരി മറുപടി നൽകിയിട്ടുള്ളതെന്നും ടിയാന്റെ അപേക്ഷയിലെ 5, 6 ചോദ്യത്തിന് വ്യക്തമായ മറുപടി നൽകിയിട്ടില്ലെന്നുമുള്ള

ആക്ഷേപമാണ് അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളതായി മനസ്സിലാക്കുവാൻ സാധിച്ചതെന്നുമാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയും മറുപടിയും പരിശോധിച്ചതിൽ വിവരാവകാശ നിയമം 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് പൊതുബോധന അധികാരി ലഭ്യമായ മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരൻ ഏത് കെട്ടിടത്തിന്റെ വിവരങ്ങളാണ് വേണ്ടതെന്ന് വ്യക്തമായി രേഖപ്പെടുത്താതെ സർവ്വെ നമ്പർ മാത്രം രേഖപ്പെടുത്തി വിവരങ്ങൾ ആവശ്യപ്പെട്ട സാഹചര്യത്തിൽ പൊതുബോധന അധികാരിക്ക് ആയത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകുവാൻ കഴിയുകയില്ലെന്ന് കാണുന്നുവെന്നും എന്നിരുന്നാലും പൊതു ബോധന അധികാരി ഹർജിക്കാരന്റെ ചോദ്യത്തിലെ ആശയം ഉൾക്കൊണ്ടുകൊണ്ട് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നു എന്നും ഹർജിക്കാരന്റെ 6(1) പ്രകാരമുള്ള അപേക്ഷയ്ക്ക് താഴെക്കോട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ പൊതുബോധന അധികാരി നൽകിയ മറുപടി തൃപ്തികരമാണെന്നും ആയതിനാൽ പരാമർശിത അപ്പീൽ അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്നുമാണ്. തുടർന്ന് അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ളത് ടിയാന്റെ വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായിട്ടില്ല എന്നും അപ്പീൽ തിരുമാനം നിയമാനുസൃതമല്ലെന്നും ടിയാന്റെ 19.11.2020-ലെ പരാതിക്ക് താഴെക്കോട് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നുമാണ്. ടി വിഷയം ഒന്നാം അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടില്ലാത്തതിനാൽ അപ്പീൽ പരിഗണിക്കുന്ന വേളയിൽ ആയത് സംബന്ധിച്ച് ഒരു പരിശോധന നടത്തുവാൻ ഈ കാര്യാലയത്തിന് സാധിച്ചിരുന്നില്ലെന്നും അപേക്ഷകൻ 19.11.2020 തീയതി സമർപ്പിച്ചിരുന്നു എന്ന് പറയുന്ന പരാതി 23.11.2020 തീയതിയിലാണ് താഴെക്കോട് ഗ്രാമപഞ്ചായത്തിൽ ലഭ്യമായതെന്നും ടി അപേക്ഷയിലും പരാതിക്കടിസ്ഥാനമായ കെട്ടിടനമ്പർ രേഖപ്പെടുത്തിയിരുന്നില്ലെന്നും ആയതിനാൽ ആയത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി അപേക്ഷകന്റെ വീട്ടിൽ നേരിട്ട് ചെന്നെങ്കിലും അപേക്ഷകൻ സ്ഥലത്തില്ലായിരുന്നു എന്നും ആയതിനാൽ അപേക്ഷകനോട് ഗ്രാമപഞ്ചായത്തിൽ ഹാജരാകുവാൻ നിർദ്ദേശിച്ചുവെങ്കിലും ടിയാൻ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ഹാജരാകുകയോ പരാതിക്കടിസ്ഥാനമായ കെട്ടിടങ്ങളുടെ നമ്പറുകൾ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നും താഴെക്കോട് ഗ്രാമപഞ്ചായത്ത് പൊതുബോധന അധികാരിയുടെ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു എന്നും മേൽപ്പടി പരാതി സംബന്ധിച്ച് വിശദമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിനായി ടി പഞ്ചായത്തുമായി ബന്ധപ്പെട്ട പരാതി കൈകാര്യം ചെയ്യുന്ന ടി കാര്യാലയത്തിലെ ഡി-17

സെക്ഷനിലേക്ക് മേൽ പരാതി കൈമാറിയിട്ടുണ്ടെന്നുമാണ്. വിവരാവകാശ നിയമം 19(1) പ്രകാരമുള്ള ഒന്നാം അപ്പീൽ വിവരാവകാശ നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് തീർപ്പാക്കിയിട്ടുള്ളതെന്നും ടി കാര്യാലയത്തിന്റെ ഭാഗത്ത് നിന്നും യാതൊരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്നും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള അധിക ചുമതലകളും കാരണവുമാണ് രണ്ടാം അപ്പീൽ അപേക്ഷയിൽ നിഷ്കർഷിച്ചിരുന്ന സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ സാധിക്കാതിരുന്നതെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരവും അല്ലാതെയും സമർപ്പിച്ച അപേക്ഷകളിൽ ഉന്നയിച്ച ആവശ്യം എന്താണെന്ന് വ്യക്തതയില്ലാത്തതിനാലാണ് വ്യക്തമായ മറുപടി നൽകാൻ എതിർകക്ഷികൾക്ക് കഴിയാതിരുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരൻ സമർപ്പിച്ച 19.11.2020-ലെ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിൽ ലഭ്യമായ വിവരങ്ങൾ 15 ദിവസത്തിനകം സൗജന്യമായി നൽകണമെന്നും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അവസരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 8-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

us